# പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *151 | 11.02.2020-ൽ മറുപടിക്ക് |
|---|---|

**കേന്ദ്ര സർക്കാർ തയ്യാറാക്കിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വൽ**

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. അനൂപ് ജേക്കബ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | കേന്ദ്ര ആഭ്യന്തരമന്ത്രാലയം തയ്യാറാക്കിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വലിന്റെ പകർപ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് അറിയിക്കുമോ; | (എ) | ഉണ്ട്. രാജ്യത്ത് അനധികൃതമായി പ്രവേശിക്കുകയോ, അനുവദിച്ച കാലാവധിക്ക് ശേഷം തുടരുകയോ ചെയ്യുന്ന വിദേശികളേയും, ശിക്ഷാകാലാവധിക്ക് ശേഷം സ്വദേശത്തേയ്ക്ക് മടങ്ങാനുള്ള നടപടി കാത്തിരിക്കുന്നവരേയും അവർ രാജ്യം വിടുന്നതുവരെ പാർപ്പിക്കുന്നതിനുള്ള തടങ്കൽകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണെന്ന് 2012 ഓഗസ്റ്റിൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയം നിർദ്ദേശിച്ചിരുന്നു.<br>16.01.2019-ലാണ് മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുള്ളത്. |
| (ബി) | സംസ്ഥാന സർക്കാർ അനധികൃത കുടിയേറ്റക്കാർക്ക് എന്തൊക്കെ സൗകര്യങ്ങൾ ഉണ്ടാക്കണമെന്നാണ് പ്രസ്തുത മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ളത്; | (ബി) | വൈദ്യുതി, കുടിവെള്ളം, ശുചിത്വം. കിടക്കകളോടു കൂടിയ അക്കോമഡേഷൻ. മെഡിക്കൽ സൗകര്യം, ആശയവിനിമയ സൗകര്യം, എൽ.പി.ജി കണക്ഷനോടുകൂടിയ അടുക്കള, മതിയായ ടോയ് ലറ്റുകൾ, ബാത്റൂമുകൾ തുടങ്ങിയ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉണ്ടായിരിക്കണമെന്ന് മാന്വൽ വ്യവസ്ഥ ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത് പ്രകാരമുള്ള ഡിറ്റെൻഷൻ സെന്റർ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് അറിയിക്കുമോ; | (സി) യും | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ നടപടികളൊന്നുംതന്നെ സ്വീകരിച്ചിട്ടില്ല. |
| (ഡി) | കേന്ദ്ര സർക്കാർ നൽകിയ മോഡൽ ഡിറ്റെൻഷൻ സെന്റർ മാന്വലിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് അഭിപ്രായമാണ് അറിയിച്ചത് എന്ന് വ്യക്തമാക്കുമോ? | (ഡി) യും | |

സെക്ഷൻ ഓഫീസർ